**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **30-06-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ-ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജിനായുള്ള കിഫ്ബി പദ്ധതിയിൽ എത്ര കോടിരൂപയുടെ പ്രോജക്ടാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് G.O. (Rt) No. 859/2017/WRD തീയതി 17.10.2017 പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും എപ്പോൾ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | (ബി) | കെ.ഐ.ഐ.ഡി.സി., 64.80 മീറ്റർ നീളത്തിൽ നടപ്പാതയോട് കൂടിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി 12.04.2018-ൽ സമർപ്പിച്ചിട്ടുണ്ട്. 12 മീറ്ററിന്റെ 5 സ്പാനുകളും 4 തൂണുകളുമാണ് (pier) പ്രസ്തുത പദ്ധതിയിൽ ഉള്ളത്. കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി. ആണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്.<br><br>23.03.2022-ൽ കെ.ഐ.ഐ.ഡി.സി., ഇറിഗേഷൻ വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ സാധ്യത കൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് കെ.ഐ.ഐ.ഡി.സി. യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും, അപ്രൈസൽ വിങ്, പുതുക്കിയ ഡി.എസ്.ആർ. നിരക്കും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ., പ്രസ്തുത ഏജൻസികളുടെ മേൽനോട്ടത്തിൽ തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ | (സി) | കെ.ഐ.ഐ.ഡി.സി., 64.80 മീറ്റർ നീളത്തിൽ നടപ്പാതയോട് കൂടിയ റെഗുലേറ്റർ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | നിർമ്മിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി 12.04.2018-ൽ സമർപ്പിച്ചിട്ടുണ്ട്. 12 മീറ്ററിന്റെ 5 സ്പാനുകളും 4 തൂണുകളുമാണ് (pier) പ്രസ്തുത പദ്ധതിയിൽ ഉള്ളത്. കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി. ആണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്.<br><br>23.03.2022-ൽ കെ.ഐ.ഐ.ഡി.സി., ഇറിഗേഷൻ വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ സാധ്യത കൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് കെ.ഐ.ഐ.ഡി.സി. യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും, അപ്രൈസൽ വിങ്, പുതുക്കിയ ഡി.എസ്.ആർ. നിരക്കും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ., പ്രസ്തുത ഏജൻസികളുടെ മേൽനോട്ടത്തിൽ തയ്യാറാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൊണ്ട് കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും ലഭിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ? | (ഡി) | പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഭൂഗർഭജല ത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തു ന്നതിനും സാധിക്കും. കൂടാതെ പരിസര പ്രദേശങ്ങളിലുള്ള കാർഷിക ഫാം, മത്സ്യകൃഷി ഫാം, എന്നിവയ്ക്ക് ജലലഭ്യത മെച്ചപ്പെടുത്താനും അതുവഴി കാർഷികോത്പന്നങ്ങളുടെ ഉൽപ്പാദനം വർധിപ്പി ക്കാനും സഹായകമാവും. |

സെക്ഷൻ ഓഫീസർ